**പതിനഞ്ചാം കേരള നിയമസഭ**

(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി II**

**(SUBJECT COMMITTEE II)**

**ഭൂനികുതിയും ദേവസ്വവും**
(LAND REVENUE AND DEVASWOM)

**പീരിയോഡിക്കൽ റിപ്പോർട്ട്**
(2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ളത് )

(PERIODICAL REPORT FROM 1 APRIL 2022 TO 31 MARCH, 2023)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1 )-ാം ഉപചട്ടപ്രകാരമുള്ളത്

[ Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly ]

2023 സെപ്റ്റംബർ 11-ാം തീയതി സമർപ്പിച്ചത്
(Presented on September 11, 2023)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2023

**പതിനഞ്ചാം കേരള നിയമസഭ**

(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി II**

**(SUBJECT COMMITTEE II)**

**ഭൂനികുതിയും ദേവസ്വവും**

(LAND REVENUE AND DEVASWOM)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ളത് )

(PERIODICAL REPORT FROM 1 APRIL 2022 TO 31 MARCH, 2023)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[ Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly ]

ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | |
| അവതാരിക | .. | |
| റിപ്പോർട്ട് | .. | |

സബ്ജക്ട് കമ്മിറ്റി II

ഭൂനികുതിയും ദേവസ്വവും
(2021-2023)

**ഘടന**

ചെയർമാൻ:

ശ്രീ. കെ.രാജൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. കെ. രാധാകൃഷ്ണൻ
പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമവും, ദേവസ്വവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

അംഗങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. സനീഷ് കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എ.എം.ബഷീർ , സെക്രട്ടറി

ശ്രീ. വേണുഗോപാൽ. ആർ, ജോയിൻറ് സെക്രട്ടറി

ശ്രീമതി. ജയശ്രീ . എം. , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ .ഒ. , അണ്ടർ സെക്രട്ടറി

## അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2021 ജൂൺ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം രൂപീകരിക്കപ്പെട്ട പതിനഞ്ചാം കേരള നിയമസഭയുടെ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II (2021-2023), 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ സമിതി 05.04.2022, 20.04.2022, 27.04.2022, 12.07.2022, 13.07.2022, 23.11.2022, 06.12.2022, 16.02.2023, 17.02.2023, 21.02.2023 എന്നീ തീയതികളിലായി 10 യോഗങ്ങൾ ചേരുകയുണ്ടായി. 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന , ആയത് സംബന്ധിച്ച റിപ്പോർട്ടുകളുടെ കരട് പരിഗണന, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിശോധന, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് , ആനുകാലിക റിപ്പോർട്ട് എന്നിവയുടെ പരിഗണന, നിയമസഭാ ചട്ടം 235 എ പ്രകാരമുള്ള വിഷയത്തിന്മേലുള്ള ചർച്ച, ബില്ലുകൾ പരിശോധന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത് . പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 63% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

അദ്ധ്യായം I -- സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ
അദ്ധ്യായം II -- സമിതി പരിശോധിച്ച ബില്ലുകൾ
അദ്ധ്യായം III -- സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ / എസ് . ആർ . ഒ . കൾ
അദ്ധ്യായം IV -- നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ
അദ്ധ്യായം V -- സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ
അദ്ധ്യായം VI -- (a) 2022 - 23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം .
(b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ
അദ്ധ്യായം VII -- സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2023 ആഗസ്റ്റ് 10 -ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം<br>2023 സെപ്റ്റംബർ 11

കെ . രാജൻ<br>ചെയർമാൻ<br>സബ്ജക്ട് കമ്മിറ്റി II

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

(1) 2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് 27.04.2022 -ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 27.06.2022 -ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു .

(2) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 12.07.2022 -ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 14.07.2022 -ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു .

(3) സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് 12.07.2022 -ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 14.07.2022 -ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു .

(4) 2023-24 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് 21.02.2023 -ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 27.02.2023 -ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു .

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകൾ

1. 2022-ലെ കേരള ധനകാര്യ ബിൽ, 2022 - ലെ കേരള ധനകാര്യ(2 -ാം നമ്പർ) ബിൽ എന്നിവ 13.07.2022 -ന് ചേർന്ന സബ്ജക്ട് കമ്മിറ്റി II,V,VIII എന്നിവയുടെ

സംയുക്ത യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2.The Kerala Land Reforms (Amendment) Bill, 2021, 06.12.2022 -ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 07.12.2022 -ന് സഭയിൽ സമർപ്പിച്ചു .

3. 2022 - ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ 06.12.2022 -ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 07.12.2022 -ന് സഭയിൽ സമർപ്പിച്ചു .

## അദ്ധ്യായം III

## സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ / എസ് . ആർ . ഒ . കൾ

ഇല്ല

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

23.11.2022-ന് ചേർന്ന സമിതിയോഗത്തിൽ കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം 'ഡിജിറ്റൽ റീ സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ' എന്ന വിഷയം ചർച്ച ചെയ്തു.

## അദ്ധ്യായം V

## സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

നിയമസഭാചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| XX- ശുദ്ധജലവിതരണവും ശുചീകരണവും | 2019-20 | റവന്യൂ (ദേവസ്വം)വകുപ്പ് | 06.12.2022 |
| VI - ഭൂനികുതി<br>XI - ജില്ലാഭരണവും പലവകയും | 2021-22 | റവന്യൂ വകുപ്പ്<br>(ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, സർവ്വേയും ഭൂരേഖയും വകുപ്പ് ) | 15.03.2023 |
| XI - ജില്ലാഭരണവും പലവകയും | 2021-22 | കേരള സംസ്ഥാന വഖഫ് ബോർഡ് | 15.03.2023 |

## അദ്ധ്യായം VI

(a) 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ സംബന്ധിച്ച സംഗ്രഹം.

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 27 | 1,2,8,9,12-27 | 3-7,10,11 | 7 |

(b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപറയുന്ന റിപ്പോർട്ടുകളിലെ

ശിപാർശകളിന്മേലുള്ള കാലതാമസപത്രിക ബഹു.വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ച് അംഗീകരിക്കുകയും ചെയ്തു.

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ. 3015/സബ് സി ബി1/2019/നി.സെ)

ശിപാർശ

കേന്ദ്ര ദുരന്തനിവാരണ നിയമം-2005 , സെക്ഷൻ 38 (2) (ഡി) പ്രകാരം എല്ലാ വകുപ്പുകളും അവരവരുടെ പ്ലാൻ ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക അതത് മേഖലകളിലെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് വകയിരുത്തണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, എല്ലാ വകുപ്പുകളും 10% തുക ആയതിനായി മാറ്റിവയ്ക്കണമെന്ന നിർദ്ദേശം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി 2016 -ൽ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ തുക പ്രസ്തുത മേഖലകളിലെ ദുരന്തനിവാരണത്തിന്റെ മുഖ്യധാരാവൽക്കരണത്തിനായി ഉപയോഗിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

**പിന്നാക്ക വിഭാഗ വികസനവകുപ്പ് :**

പിന്നാക്ക വിഭാഗ വികസന വകുപ്പിന് അനുവദിക്കുന്ന വാർഷിക പദ്ധതി വിഹിതത്തിന്റെ 93% ത്തിലധികവും വിദ്യാഭ്യാസ ധനസഹായ പദ്ധതികൾക്കായാണ് വകയിരുത്തിയിരിക്കുന്നത്. 7% മാത്രമാണ് ഇതര പദ്ധതികൾക്കായി വകയിരുത്തുന്നത്. വകുപ്പ് പ്രതിനിധീകരിക്കുന്ന ഗുണഭോക്തൃവിഭാഗം സംസ്ഥാന ജനസംഖ്യയുടെ 60% ത്തിൽ അധികമുള്ള മറ്റ് പിന്നാക്ക സമുദായങ്ങളാണ്. വിദ്യാഭ്യാസ ധനസഹായ പദ്ധതികളുടെ വിഹിതം യാതൊരു കാരണവശാലും കുറവ്

ചെയ്യുന്നതിന് സാധ്യമല്ല. ഗുണഭോക്തൃവിഭാഗത്തിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കഴിച്ചുള്ള പദ്ധതി വിഹിതത്തിന്റെ 10% ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി മാറ്റാൻ കഴിയുന്നതല്ല എന്നിരിക്കിലും പിന്നാക്ക വിഭാഗ വികസന വകുപ്പ് 2019-20 മുതൽ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയുടെ ഒരു ഘടകമായി പ്രളയബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളി സമുദായങ്ങളുടെ ജീവനോപാധി പുനഃസ്ഥാപന സഹായമായി ഒരു കോടി രൂപ പ്ലാൻ ഫണ്ടിൽ മാറ്റിവച്ചു വരുന്നുണ്ട് .

<u>ഭവന നിർമ്മാണ വകുപ്പ് :</u>

<u>ഹൗസിംഗ് കമ്മീഷണറേറ്റ്</u>

2020-21 വർഷത്തെ ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന്റെ പ്രൊമോഷൻ ഓഫ് ഇന്നവേറ്റീവ് ബിൽഡിംഗ് ടെക്നോളജീസ് ആൻഡ് ഹൗസിങ് ലിറ്ററസി പ്രോഗ്രാം എന്ന പദ്ധതിക്ക് റിലീസ് ചെയ്ത 1,00,000/- രൂപ പൂർണ്ണമായും ദുരന്ത നിവാരണ പദ്ധതിക്കായി മാറ്റിവച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്</u>

2021-22 മുതലുള്ള സാമ്പത്തിക വർഷങ്ങളിലെ പദ്ധതി വിഹിതത്തിന്റെ 10% തുക ഉപയോഗിച്ച് ദുരന്ത പ്രതിരോധ/ ഭൂപ്രദേശാനുസൃത കെട്ടിട സാങ്കേതികവിദ്യ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ സ്കീമുകളിൽ ഉപയോഗപ്പെടുത്തുന്നതിനും ദുരന്ത നിവാരണത്തെ സംബന്ധിച്ച് എൻജിനീയർമാർക്കും കരാറുകാർക്കും ഗുണഭോക്താക്കൾക്കും പരിശീലനം നൽകുന്നതിനും ഭവനനിർമ്മാണ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന നിർമ്മിതികേന്ദ്രം</u>

സംസ്ഥാന നിർമ്മിതികേന്ദ്രം വരും വർഷങ്ങളിൽ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട ബോധവൽക്കരണപരിപാടികളും പരിശീലന പരിപാടികളും ദുരന്തപ്രതിരോധശേഷിയുള്ള കെട്ടിടങ്ങളുടെ മാതൃകകളുടെ നിർമ്മാണവും പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്തി ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതിയോടെ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**<u>കൃഷി വകുപ്പ്:</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ 2019-20 സാമ്പത്തികവർഷത്തിൽ പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗബാധ നിയന്ത്രണത്തിനുമുള്ള അടിയന്തിര പരിപാടി എന്ന പദ്ധതിയ്ക്കായി 750 ലക്ഷം രൂപ വിലയിരുത്തുകയും ഹ്രസ്വകാലയിനം വിത്തുകളുടെ ബഫർ സ്റ്റോക്ക് സൃഷ്ടിക്കൽ, മടവീഴ്ചയ്ക്കെതിരെ ബണ്ട് ശക്തിപ്പെടുത്തുന്നതിനുള്ള സഹായം, കീടരോഗബാധ നിയന്ത്രണത്തിനുള്ള സഹായം, പ്രകൃതിദുരന്തങ്ങൾ മൂലമുള്ള വിളനാശത്തിന് ദുരിതാശ്വാസ സഹായത്തിന്റെ സംസ്ഥാന വിഹിതം എന്നീ പദ്ധതികൾക്കായി വകയിരുത്തിയിരുന്നു.

**<u>മൃഗസംരക്ഷണ വകുപ്പ്:</u>**

മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റിൽ പ്രകൃതിദുരന്തത്തിൽ കന്നുകാലികൾ,വളർത്തുപക്ഷികൾ എന്നിവ നഷ്ടപ്പെടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് 1.5 കോടി രൂപയും പശുക്കൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

കേന്ദ്ര സ്കീമുകൾ ലെജിസ്ലേറ്റീവ് ഫണ്ട് അല്ലാതെയുള്ള (MGNREGY പോലെയുള്ളവ) എല്ലാ കേന്ദ്ര സ്കീമുകളിലെയും 10% തുക ഫ്ലക്സി ഫണ്ടായി അതത് മേഖലകളിലെ ദുരന്ത ലഘൂകരണത്തിനായി മാറ്റിവയ്ക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയത് എല്ലാ വകുപ്പുകളും 2019-20 മുതൽ നിർബന്ധമായും പാലിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

**<u>പിന്നാക്ക വിഭാഗ വികസനവകുപ്പ് :</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പിന് അനുവദിക്കുന്ന വാർഷിക പദ്ധതി വിഹിതത്തിന്റെ 93% ത്തിലധികവും വിദ്യാഭ്യാസ ധനസഹായ പദ്ധതികൾക്കായാണ് വകയിരുത്തിയിരിക്കുന്നത്. 7% മാത്രമാണ് ഇതര പദ്ധതികൾക്കായി

വകയിരുത്തുന്നത്. വകുപ്പ് പ്രതിനിധീകരിക്കുന്ന ഗുണഭോക്തൃവിഭാഗം സംസ്ഥാന ജനസംഖ്യയുടെ 60% ത്തിൽ അധികമുള്ള മറ്റ് പിന്നാക്ക സമുദായങ്ങളാണ്. വിദ്യാഭ്യാസ ധനസഹായ പദ്ധതികളുടെ വിഹിതം യാതൊരു കാരണവശാലും കുറവ് ചെയ്യുന്നതിന് സാധ്യമല്ല. ഗുണഭോക്തൃവിഭാഗത്തിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കഴിച്ചുള്ള പദ്ധതി വിഹിതത്തിന്റെ 10% ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി മാറ്റാൻ കഴിയുന്നതല്ല എന്നിരിക്കിലും പിന്നാക്ക വിഭാഗ വികസന വകുപ്പ് 2019-20 മുതൽ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയുടെ ഒരു ഘടകമായി പ്രളയബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളി സമുദായങ്ങളുടെ ജീവനോപാധി പുനഃസ്ഥാപന സഹായമായി ഒരു കോടി രൂപ പ്ലാൻ ഫണ്ടിൽ മാറ്റിവച്ച് വരുന്നുണ്ട് .

**<u>ഭവന നിർമ്മാണ വകുപ്പ് :</u>**

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പാക്കിവരുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി (60% CSS) സ്കീമിലെ ഫ്ളക്സി ഫണ്ട് സൗകര്യം State Level Sanctioning Committee യിൽ നിന്ന് ലഭിക്കുന്നതിനായി അഭ്യർത്ഥിക്കുന്നതിനും ടി തുക ദുരന്ത ലഘൂകരണ/പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കു കൂടി വിനിയോഗിക്കുന്നതിനും സംസ്ഥാന ഭാവന നിർമ്മാണ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

**<u>കൃഷി വകുപ്പ്:</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന ലെജിസ്ലേറ്റീവ് ഫണ്ട് അല്ലാതെ കേന്ദ്ര സ്കീമുകളിലൊന്നും തന്നെ ദുരന്ത ലഘൂകരണത്തിനായി 10% ഫ്ലെക്സി ഫണ്ടായി മാറ്റിവച്ചിട്ടില്ല.

**<u>മൃഗസംരക്ഷണ വകുപ്പ്:</u>**

കേന്ദ്ര സ്കീമുകൾ വ്യക്തമായ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ലഭ്യമാകുന്നത്. ഓരോ പദ്ധതിയ്ക്കും അനുവദിച്ചിരിക്കുന്ന പ്രവർത്തികൾക്ക് മാത്രമേ തുക വിനിയോഗിക്കുവാൻ പാടുള്ളൂ എന്ന കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ. 1517/സബ് സി ബി1/2020/നി.സെ)

ശിപാർശ

2029-00-101-99-വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വില്ലേജ് ഓഫീസുകളുടെ വസ്തു നികുതി നൽകുന്നതിനും വിവിധ വില്ലേജ് ഓഫീസുകളുടെ വാടക നൽകുന്നതിനും വില്ലേജ് ഓഫീസുകളുടെ ഓഫീസിൽ ചെലവിനത്തിലും അധികമായി തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു.ആയതിനാൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

വിഷയനിർണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2029-00-101-99-06-NP-V എന്ന ശീർഷകത്തിൽ 85 ലക്ഷം രൂപ അധികധനവിനിയോഗാനുമതി ലഭ്യമാക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 33,46,000/- (മുപ്പത്തിമൂന്ന് ലക്ഷത്തി നാല്പത്തിയാറായിരം രൂപ) രൂപയുടെ അധികധനവിനിയോഗാനുമതി അനുവദിക്കുകയുണ്ടായി. ടി തുക ഇതിനകം ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ അലോട്ട് ചെയ്തിട്ടുള്ളതുമാണ്.

ശിപാർശ

2053-00-093-98- സംസ്ഥാനത്തെ വില്ലേജ്,താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടന

പുതുതായി രൂപീകരിച്ച നെടുമങ്ങാട്, ഇരിങ്ങാലക്കുട, വടകര, തളിപ്പറമ്പ്, കാസർകോഡ്, പുനലൂർ എന്നീ റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, കുന്നംകുളം,

പയ്യന്നൂർ എന്നീ രണ്ട് താലൂക്കുകളുടെയും പുനഃസംഘടനയ്ക്ക് ആവശ്യമായിവരുന്ന പ്രാരംഭ ചെലവുകൾ വഹിക്കുന്നതിനായി അധികം തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

2053-00-093-98-NP-V ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായ 25 ലക്ഷം രൂപ ലഭ്യമായതിനാൽ അധിക തുക വേണ്ടിവന്നില്ല.

<u>ശിപാർശ</u>

2250-00-103-89-<u>വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്</u>

വഖഫ് എൻക്വയറി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ പ്രകാരം എറണാകുളം ഓഫീസ് കൂടാതെ 6 ഡിവിഷണൽ ഓഫീസുകളും ഒരു എക്സ്റ്റൻഷൻ കൗണ്ടറും കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ആരംഭിച്ചിട്ടുള്ളതുകൊണ്ട് ഭരണപരമായ ചെലവുകൾ വർധിച്ച സാഹചര്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 11.28 കോടി രൂപ വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

2017-18 മുതൽ 2019-20 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ കേരളം സംസ്ഥാന വഖഫ് ബോർഡിന് അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിൽ നൽകാൻ കുടിശ്ശിക ആയിട്ടുള്ള തുക അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചതിൻപ്രകാരം 50.4 ലക്ഷം രൂപ 2020-21 സാമ്പത്തികവർഷത്തെ ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും

അനുവദിച്ചിട്ടുണ്ട്. കൂടാതെ, 2020-21 സാമ്പത്തികവർഷം പ്രസ്തുത ഇനത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 72 ലക്ഷം രൂപയും വഖഫ് ബോർഡിന് അനുവദിച്ചിട്ടുണ്ട്.

ശിപാർശ

റവന്യൂ വകുപ്പിന് കീഴിലുള്ള പൊതുചെലവുകൾക്കായുള്ള തുക എല്ലാ വർഷവും പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതുമൂലം നിർമ്മാണ പ്രവൃത്തികൾക്ക് പ്രതിസന്ധി നേരിടുന്നതായി സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ, റവന്യൂ വകുപ്പിന് കീഴിൽ 'ജനറൽ എക്സ്പെൻഡിച്ചർ' എന്ന നാമത്തിൽ ജനറൽ സർവ്വീസിൽ പുതിയൊരു ശീർഷകം അനുവദിക്കണമെന്ന ശിപാർശ സമിതിയുടെ 2019-20 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നതായി സമിതി നിരീക്ഷിക്കുകയും പ്രസ്തുത ശിപാർശയിന്മേൽ നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ലായെന്ന് സമിതി ചൂണ്ടിക്കാട്ടുകയും ചെയ്തു.

(ഖണ്ഡിക 28)

ശിപാർശ

പൊതുമരാമത്ത് വകുപ്പിൽ നിന്നും നിർമ്മാണ പ്രവൃത്തികൾക്കായുള്ള തുക സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ മാത്രം റവന്യൂ വകുപ്പിന്റെ ശീർഷകത്തിലേയ്ക്ക് മാറ്റി നൽകുന്ന പ്രവണത മൂലം ടി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ തടസ്സം നേരിടുന്നതിനാൽ മേൽ സൂചിപ്പിച്ച രീതിയിൽ റവന്യൂ വകുപ്പിലെ നിർമ്മാണ പ്രവൃത്തികൾക്കായി ജനറൽ സർവ്വീസിൽ പുതിയൊരു ശീർഷകം അനുവദിക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി (ശിപാർശ 28 & 29)

റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ മൂലധന ശീർഷകം (Capital Head) ആരംഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 2019-20 സാമ്പത്തിക

വർഷം മൂലധന ശീർഷകത്തിൽ നിന്നും റവന്യൂ ശീർഷകത്തിലേക്ക് പ്ലാൻ ഫണ്ട് അതിനകം മാറ്റി നല്കിയിരുന്നതിനാൽ പ്ലാൻ ഫണ്ട് പുതിയ ശീർഷകത്തിലേക്ക് മാറ്റണമെന്ന ശിപാർശ ടി സാമ്പത്തികവർഷം പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ 2020-21 സാമ്പത്തികവർഷം മുതൽ റവന്യൂ വകുപ്പിന്റെ നിർമ്മാണപ്രവൃത്തികൾക്കായുള്ള തുക റവന്യൂ ശീർഷകത്തിൽ തന്നെയാണ് വകയിരുത്തി വരുന്നത്.

## ശിപാർശ

സംസ്ഥാനത്ത് സ്വന്തമായി കെട്ടിടം ഇല്ലാത്ത വില്ലേജ് ഓഫീസുകൾ പരിമിതമായ സൗകര്യങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും, തിരുവനന്തപുരം ജില്ലയിലെ വെള്ളറട വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം തീപിടുത്തത്തിൽ നശിച്ച് പോയതിനെത്തുടർന്ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായുള്ള പരിശോധനയിൽ പഴയ കെട്ടിടം സ്ഥിതി ചെയ്തിരുന്ന സ്ഥലം റവന്യൂ രേഖ പ്രകാരം വനം വകുപ്പിന്റേതായി കാണുന്നതിനാൽ ആയത് റവന്യൂ വകുപ്പിലേക്ക് കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ ഇനിയും പൂർത്തിയായിട്ടില്ലെന്നും സമിതി നിരീക്ഷിച്ചു. ആയതിനാൽ ഇക്കാര്യത്തിൽ ത്വരിത നടപടി സ്വീകരിക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

## സ്വീകരിച്ച നടപടി

വെള്ളറട വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അടിയന്തരമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## അദ്ധ്യായം VII

**സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും.**

ഇല്ല

തിരുവനന്തപുരം
2023 ആഗസ്റ്റ് 10

കെ . രാജൻ
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി II

അനുബന്ധം

**2022 ഏപ്രിൽ 05-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II ,2022 ഏപ്രിൽ 05-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 5 എ സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു.റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ.രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1 . ഡോ . എൻ . ജയരാജ് , ഗവ . ചീഫ് വിപ്പ്
2 . ശ്രീ . എൻ . എ . നെല്ലിക്കുന്ന് , എം.എൽ. എ.
3 . ശ്രീ . കെ .ഡി . പ്രസേനൻ , എം.എൽ. എ.
4 . ശ്രീ . സനീഷ്കുമാർ ജോസഫ് , എം.എൽ. എ.
5 . ശ്രീ . പി . ടി. എ. റഹീം , എം.എൽ. എ. ( ഓൺലൈനിൽ ഹാജരായി )
6 . ശ്രീ . പി. വി. ശ്രീനിജിൻ , എം.എൽ. എ. ( ഓൺലൈനിൽ ഹാജരായി )

**നിയമസഭാ സെക്രട്ടേറിയറ്റ്**

1 . ശ്രീ. ത്രിദീപ് . കെ.ജി. , ജോയിന്റ് സെക്രട്ടറി
2 . ശ്രീമതി . ജയശ്രീ . എം , ഡെപ്യൂട്ടി സെക്രട്ടറി
3 . ശ്രീ . സജീവൻ. പി. കെ. , അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ഡോ . എ.ജയതിലക് , അഡിഷണൽ ചീഫ് സെക്രട്ടറി , റവന്യൂ ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്
2. ശ്രീ . അബ്ദുൽ നാസർ ബി. , അഡിഷണൽ സെക്രട്ടറി , റവന്യൂ വകുപ്പ്
3. ശ്രീ . അനൂപ് . എസ് . അഡിഷണൽ സെക്രട്ടറി , ധനകാര്യ വകുപ്പ്
4. ശ്രീ . സീറാം സാംബശിവ റാവു , ഡയറക്ടർ , സർവേയും ഭൂരേഖയും വകുപ്പ്
5. ശ്രീ. ബിജു കെ., കമ്മിഷണർ , ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്
6. ഡോ . എ. കൗശിഗൻ , കമ്മിഷണർ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
7. ഡോ . ശേഖർ .എൽ .കുര്യാക്കോസ് , മെമ്പർ സെക്രട്ടറി , കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

8. ശ്രീമതി . ശ്രീകല എസ് . പണിക്കർ , ജോയിന്റ് സെക്രട്ടറി , ധനകാര്യ വകുപ്പ്

9. ശ്രീ . അജി ഫ്രാൻസിസ് , സീനിയർ ഫിനാൻസ് ഓഫീസർ , ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്

സമിതി , 2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ധനാഭ്യർത്ഥന നമ്പർ VI , XXVI എന്നിവയിന്മേലുള്ള ശീർഷകങ്ങളിലെ കണക്കിനങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു .

**ധനാഭ്യർത്ഥന നമ്പർ VI -ഭൂനികുതി**

2029-00-101-99 -വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കെട്ടിടവാടക, കരം, നികുതി ഇനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടിശ്ശികയായി നിലനിൽക്കുന്ന തുക മുഴുവൻ അടച്ചു തീർക്കുന്നതിനായി 2029-00-101-99.6 എന്ന ശീർഷകത്തിൽ 1 കോടി രൂപയും വില്ലേജ് ഓഫീസുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2029-00-101-99-05.2 എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും വെള്ളക്കരം ഇനത്തിൽ 2029-00-101-99-05.1 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപയും അധികമായി ആവശ്യമുള്ളതായി മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ആകെ 1.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2029-00-800-74- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ(ഭേദഗതി) നിയമപ്രകാരമുള്ള ചെലവുകൾ

22.02.2022 ലെ സ.ഉ (കൈ) 56/2022/RD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽതണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരം ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി 10 കോടി രൂപ അനുവദിക്കുന്നതിന് ഉത്തരവായിരുന്നതായും എന്നാൽ ഈ ശീർഷകത്തിൽ 1000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിലേയ്ക്ക് 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2029-00-103-95-ഭൂരേഖാ സേവനലഭ്യതയും ഉദ്ഗ്രഥനവും

ഇന്റഗ്രേഷൻ ഓഫ് ലാന്റ് റെക്കോർഡ്സ് സർവീസ് ഡെലിവറി സിസ്റ്റം എന്ന പദ്ധതിയ്ക്കായി കഴിഞ്ഞ സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ 12 കോടി രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിരുന്നുവെന്നും എന്നാൽ 2021-22 സാമ്പത്തിക വർഷം പദ്ധതി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ

ശീർഷകത്തിൽ അവശേഷിച്ച 8 കോടി രൂപ e-LAMS ലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചതായും സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി e-LAMS ൽ വകയിരുത്തിയ തുക ഈ സാമ്പത്തികവർഷം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സമിതി യോഗം 11.30 മണിക്ക് പിരിഞ്ഞു .

**2022 ഏപ്രിൽ 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2022 ഏപ്രിൽ 20-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 4 എ സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂ - ഭവന നിർമ്മാണ വകുപ്പുമന്ത്രി
ശ്രീ. കെ.രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. പട്ടികജാതി - പട്ടികവർഗ്ഗ , പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1 . ഡോ . എൻ . ജയരാജ് , ഗവ . ചീഫ് വിപ്പ്
2 . ശ്രീ . എം . രാജഗോപാലൻ , എം.എൽ. എ.
3 . ശ്രീ . കെ .ഡി . പ്രസേനൻ , എം.എൽ. എ.
4 . ശ്രീ . സനീഷ്കുമാർ ജോസഫ് , എം.എൽ. എ.( ഓൺലൈനിൽ ഹാജരായി )
5 . ശ്രീ . പി . ടി. എ. റഹീം , എം.എൽ. എ. ( ഓൺലൈനിൽ ഹാജരായി )
6 . ശ്രീ . പി. വി. ശ്രീനിജിൻ , എം.എൽ. എ. ( ഓൺലൈനിൽ ഹാജരായി )
7. ശ്രീ . എൻ . എ . നെല്ലിക്കുന്ന് , എം.എൽ. എ. ( ഓൺലൈനിൽ ഹാജരായി )

**നിയമസഭാ സെക്രട്ടേറിയറ്റ്**

1 .ശ്രീ. ത്രിദീപ് . കെ.ജി. , ജോയിന്റ് സെക്രട്ടറി
2 .ശ്രീമതി . ജയശ്രീ . എം , ഡെപ്യൂട്ടി സെക്രട്ടറി
3 .ശ്രീ . സജീവൻ. പി. കെ. , അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1 .ശ്രീമതി. ആർ .താരാദേവി , അഡീഷണൽ സെക്രട്ടറി , പൊതുഭരണവകുപ്പ് .
2 .ശ്രീ . ടി.ആർ .ജയപാൽ , അഡീഷണൽ സെക്രട്ടറി , റവന്യൂ(ദേവസ്വം , വഖഫ് ) വകുപ്പ് .
3 .ശ്രീ . അനൂപ് .എസ്. , അഡീഷണൽ സെക്രട്ടറി , ധനകാര്യവകുപ്പ്
4 .ശ്രീമതി . ലത . എസ് ., അഡീഷണൽ സെക്രട്ടറി , ധനകാര്യവകുപ്പ്
5 .ശ്രീ . ബിജു . കെ. , കമ്മീഷണർ , ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്
6 .ശ്രീ. ജെറോമിക് ജോർജ്ജ് , ഡയറക്ടർ , കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി

7 .ശ്രീമതി. ജ്യോതി . എൻ. , കമ്മിഷണർ , കൊച്ചി ദേവസ്വം ബോർഡ്

8 .ശ്രീ . നീലകണ്ഠൻ . എ. എൻ. , കമ്മിഷണർ ,മലബാർ ദേവസ്വം ബോർഡ്

9 .ഡോ . ശേഖർ . എൽ . കുര്യാക്കോസ് , മെമ്പർ സെക്രട്ടറി ,
കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

10.ശ്രീ. സുരേശൻ കാണിച്ചെറിയാൻ , അഡീഷണൽ ഡയറക്ടർ ,
സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ്

11.ശ്രീ. ആർ. ഉണ്ണിക്കൃഷ്ണൻ , സെക്രട്ടറി , കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

12.ശ്രീ. കെ. പി. മനോജ് കുമാർ , ഡെപ്യൂട്ടി കമ്മീഷണർ , മലബാർ ദേവസ്വം ബോർഡ്

13.ശ്രീ. പി. എസ്. ശാന്തകുമാർ , അസിസ്റ്റന്റ് കമ്മീഷണർ , ട്രാവൻകൂർ ദേവസ്വം ബോർഡ്

14.ശ്രീ. തുളസീധരൻ പിള്ള. എ. , റവന്യൂ ഡിവിഷണൽ ഓഫീസർ , അടൂർ

15.ശ്രീ. അജി ഫ്രാൻസിസ് , സീനിയർ ഫിനാൻസ് ഓഫീസർ , ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്

16.ശ്രീ. ആർ . ബിജുകുമാർ , ഫിനാൻസ് ഓഫീസർ , കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

17.ശ്രീ. മനു. എസ്. , അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ , ട്രാവൻകൂർ ദേവസ്വം ബോർഡ്

സമിതി , 2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ധനാഭ്യർത്ഥന നമ്പർ XI , XX , XXVIII എന്നിവയിന്മേലുള്ള ശീർഷകങ്ങളിലെ കണക്കിനങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു . ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

## ധനാഭ്യർത്ഥന നമ്പർ XI – ജില്ലാ ഭരണവും പലവകയും

2053-00-093-99—കളക്ടർമാരും മജിസ്ട്രേറ്റുമാരും

കളക്ടറേറ്റിലെയും റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും IAS ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ അവധിയാത്രാ ആനുകൂല്യം നൽകുന്നതിനായി 2053-00-093-99-04-4 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും IAS ഉദ്യോഗസ്ഥരുടെ കെട്ടിട വാടക നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെട്ടിട നികുതി നൽകുന്നതിനുമായി 2053-00-093-99-06 എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും റവന്യൂ കലോത്സവ നടത്തിപ്പിനായി 2053-00-093-99-34-3 എന്ന ശീർഷകത്തിൽ 150 ലക്ഷം രൂപയും ആവശ്യമുള്ളതായി മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് 1.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-99—താലൂക്ക് ആഫീസുകൾ

താലൂക്ക് ഓഫീസുകൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, റവന്യൂ റിക്കവറി, ഇതര നികുതി പിരിവുകൾ എന്നിവയ്ക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നതിനാൽ വാഹനങ്ങളുടെ ഇന്ധനച്ചെലവുകൾക്കായി 2053-00-094-99-45 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും അറ്റകുറ്റപണികൾക്കായി 2053-00-094-99-21-2 എന്നശീർഷകത്തിൽ 20 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുകയും മേൽ ശീർഷകത്തിലേയ്ക്ക് 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2053-00-094-39—സംസ്ഥാനത്തിന്റെ വനമേഖലയ്ക്കുള്ളിലെ സ്വകാര്യഎസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള പ്രത്യേക സ്റ്റാഫ്

സംസ്ഥാനത്തെ വനമേഖലയ്ക്കുള്ളിലെ സ്വകാര്യ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള പ്രത്യേക സ്റ്റാഫിന്റെ ശമ്പളവും അലവൻസുകളും ലഭ്യമാക്കുന്നതിലേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിലേയ്ക്ക് 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-101-99—സംസ്ഥാന ധർമ്മകാര്യം

തിരുവനന്തപുരം എസ്.എം.വി. സ്കൂളിൽ സ്ഥിതി ചെയ്യുന്ന അമ്പലത്തിലെ പൂജാരിക്ക് മതപതിവ് നൽകുന്നതിനായി ഈ ശീർഷകത്തിലേയ്ക്ക് 23,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവീസുകൾ**

5475-00-800-77-01—ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധനപ്രവൃത്തികൾ / പദ്ധതികൾ / സ്മാർട്ട് റവന്യൂ ഓഫീസുകൾ

സംസ്ഥാനത്ത് 3 വില്ലേജ് ഓഫീസുകൾക്ക് ഒരു വാഹനം എന്ന നിലയിൽ വാടകയ്ക്ക് വാഹനസൗകര്യം ഏർപ്പെടുത്തുന്നതിനായി 15 കോടി രൂപയും റവന്യൂ ഭവന്റെ നിർമ്മാണത്തിനായി 5 കോടി രൂപയും കെട്ടിടനിർമ്മാണം , സ്മാർട്ട് വില്ലേജ് ഓഫീസ് എന്നിവയ്ക്കായി 15 കോടി രൂപയും കെട്ടിട പുനരുദ്ധാരണത്തിനായി 5 കോടി രൂപയും അധികമായി ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിലേയ്ക്ക് 40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

5475-00-800-77-02—ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ / പദ്ധതികൾ/റവന്യൂ വകുപ്പിലെ കംപ്യൂട്ടർവൽക്കരണം - അടിസ്ഥാനസൗകര്യം ഒരുക്കൽ/പരിപാലനം / നിലവാരമുയർത്തൽ

സംസ്ഥാനത്ത് പട്ടയങ്ങൾ മുഴുവനായി ഡിജിറ്റൈസ് ചെയ്യുന്നതിലേക്കായി താലൂക്ക് ഓഫീസുകൾക്കും വില്ലേജ് ഓഫീസുകൾക്കും കമ്പ്യൂട്ടർ, ലാപ് ടോപ്,പ്രിന്റർ ,സ്കാനർ എന്നിവ ലഭ്യമാക്കുന്നതിനായി അധികം തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിലേയ്ക്ക് 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ ആധുനികവൽക്കരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഗ്രൂപ്പ് വില്ലേജ് ഓഫീസ് സംവിധാനത്തിൽ പ്രവർത്തിക്കുന്നവ വിഭജിച്ച് പ്രത്യേക വില്ലേജ് ഓഫീസുകളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനത്തെ  വില്ലേജ് / താലൂക്ക് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ച്  ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5475-00-800-77-03– <u>ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധനപ്രവൃത്തികൾ/ പദ്ധതികൾ/ സർവ്വേ പരിശീലനസ്കൂളുകളുടെ ആധുനികവൽക്കരണം</u>

തിരുവനന്തപുരം ജില്ലയിൽ നിർമ്മിക്കുന്ന മോഡേൺ സർവ്വേ സ്കൂളിന്റെ നിർമ്മാണപ്രവൃത്തികളുടെ കുടിശ്ശിക തുക അനുവദിക്കുന്നതിന് അധികതുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിലേയ്ക്ക് 13.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

## <u>ധനാഭ്യർത്ഥന നമ്പർ XI- ജില്ലാ ഭരണവും പലവകയും</u>

2250-00-103-89–<u>വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്</u>

വഖഫ് ബോർഡിന്റെ ഭരണപരമായ ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിലേയ്ക്ക് 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-37–<u>സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്</u>

വാതിൽപ്പടിസേവനം രണ്ടാംഘട്ടം , സാമൂഹികാധിഷ്ഠിതമായ ദുരന്തനിവാരണ പദ്ധതി എന്നിവ നടപ്പാക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന്

സമിതി മനസ്സിലാക്കിയതിനാൽ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിലേയ്ക്ക് 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-37—<u>സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്</u>

സാമൂഹിക സന്നദ്ധസേനയുടെ പരിപാടികൾ വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിനും വോളണ്ടിയർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നിയമിക്കുന്ന പ്രോജക്ട് ഓഫീസർ , കോ ഓർഡിനേറ്റർമാർ എന്നിവരുടെ ശമ്പളച്ചെലവുകൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും നോൺ പ്ലാൻ ഇനത്തിൽ ഈ ശീർഷകത്തിലേയ്ക്ക് 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

<u>കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി</u>

കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശമ്പളയിനത്തിലും ഭരണപരമായ ചെലവുകൾക്കുമായി തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി പ്രത്യേകം നോൺ പ്ലാൻ ശീർഷകം അനുവദിക്കണമെന്നും ഉപധനാഭ്യർത്ഥന വഴി 25 ലക്ഷം രൂപ വകയിരുത്തണമെന്നും ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-102-98 —<u>കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്</u>

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അഞ്ച് ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നതിനുള്ള ചെലവിനും ജീവനക്കാർക്ക് അർഹമായ ആനുകൂല്യം നൽകുന്നതിനും ശമ്പളച്ചെലവിനും ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 2250-00-102-98-31 എന്ന ശീർഷകത്തിലേയ്ക്ക് 1 കോടി രൂപയും 2250-00-102-98-36 എന്ന ശീർഷകത്തിലേയ്ക്ക് 1 കോടി രൂപയും ചേർത്ത് ആകെ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-99—<u>ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരംവക ഫണ്ടിലേക്കും ഉള്ള സഹായം</u>

2003-ലെ സ.ഉ.(സാധാ) നം.378/2003/റവ. ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനും ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ നൽകി വരുന്ന 1 കോടി രൂപ 15 വർഷങ്ങൾക്ക് മുമ്പുള്ള നിരക്കായതിനാൽ പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിലേയ്ക്ക് 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-98 - <u>കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം</u>

കൊച്ചി ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് തുടങ്ങിയ പദ്ധതികൾക്കും ഭാരിച്ച ചെലവ് വരുന്നുണ്ടെന്നും ക്ഷേത്രത്തിന്റെ തനതു ഫണ്ടിൽ നിന്നും തുക കണ്ടെത്തുന്നത് പ്രായോഗികമല്ലെന്നും സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിലേയ്ക്ക് 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2250-00-103-91-<u>മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന</u>

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർ, എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവരുടെ ക്ഷേമനിധി മാസവിഹിതം, ക്ഷേത്ര വിഹിതം, സ്ഥിരനിക്ഷേപത്തിൽ നിന്നുള്ള പലിശ എന്നിവയിൽ നിന്നും ക്ഷേമനിധിക്ക് ലഭിക്കുന്ന വരുമാനം ഉപയോഗിച്ചാണ് നിലവിൽ പെൻഷൻ, ഗ്രാറ്റുവിറ്റി, 25,000/- രൂപ വരെയുള്ള ചികിത്സാ ധനസഹായം, എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ എന്നീ ചെലവുകൾ നിർവ്വഹിച്ചു വരുന്നതെന്നും എന്നാൽ ക്ഷേമനിധിയുടെ തനതു വരുമാനം മേൽ പ്രസ്താവിച്ച ചെലവുകൾ എല്ലാം തന്നെ നിർവഹിക്കുന്നതിന് പര്യാപ്തമല്ലായെന്നും സമിതി വിലയിരുത്തുകയും ക്ഷേമനിധിയിലേക്കുള്ള സർക്കാർ സഹായമായി ഈ ശീർഷകത്തിലേയ്ക്ക് 4.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2250-00-103-87-<u>മലബാർ ദേവസ്വം ബോർഡ്</u>

മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനും ശമ്പളപരിഷ്കരണ കുടിശ്ശികയ്ക്കും ബോർഡിന്റെ ജീർണ്ണോദ്ധാരണധനസഹായം ഉൾപ്പെടെയുള്ള മറ്റെല്ലാ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും 2250-00-103-87-31 എന്ന ശീർഷകത്തിൽ 30 കോടി രൂപയും 2250-00-103-87-36 എന്ന ശീർഷകത്തിൽ 3 കോടി രൂപയും ഉൾപ്പെടെ ആകെ 33 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2250-00-103-86- <u>ഉത്തരമലബാറിലെ കാവുകളിലെ ആചാര്യസ്ഥാനികർക്കും കോലധികാരികൾക്കും ഉള്ള മാസ അലവൻസ്</u>

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ആചാര്യസ്ഥാനികർക്കും കോലധികാരികൾക്കും സർക്കാർ വർഷാവർഷം അനുവദിക്കുന്ന തുക തികയാതെ

വരുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്തുവരുന്നതെന്നും പുതുതായി ഉൾപ്പെടുത്തിയ 420 ആചാര്യ സ്ഥാനികർക്കും 105 കോലധികാരികൾക്കും 1400 രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യേണ്ടതുണ്ടെന്നും കൂടാതെ മുൻ വർഷങ്ങളിലെ തുക കുടിശ്ശികയുണ്ടെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിലേയ്ക്ക് 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-85 - <u>മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്</u>

മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായെങ്കിലും പ്രസ്തുത അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും കലാകാരൻമാർക്ക് ആദരം, അവാർഡ് ദാനം, ക്ഷേത്രകലാ പുരസ്കാരങ്ങൾ, അവശരായ ക്ഷേത്രകലാകാരൻമാർക്ക് സഹായം, ലൈബ്രറി വിപുലീകരണം, മ്യൂസിയം വിപുലീകരണം എന്നിവയ്ക്കും അംഗങ്ങൾക്ക് ഓണറേറിയം അനുവദിക്കുന്നതിനും അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും അധിക തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിലേയ്ക്ക് 44.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-82 – <u>വൈക്കം ക്ഷേത്ര കലാപീഠം</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനുമായി വൈക്കം മഹാദേവക്ഷേത്രത്തോട് അനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന ക്ഷേത്രകലാപീഠത്തിൽ പ്രതിവർഷം 100-ൽപരം വിദ്യാർത്ഥികളെ പഞ്ചവാദ്യം, നാദസ്വരം, ചെണ്ട, തകിൽ തുടങ്ങിയവ പ്രഗത്ഭരായ അദ്ധ്യാപകർ അഭ്യസിപ്പിച്ചുവരുന്നതായും കലാപീഠത്തിന്റെ കാലപ്പഴക്കമുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്കും വിദ്യാർത്ഥികൾക്കുള്ള താമസസൗകര്യത്തിനും പഠനോപകരണങ്ങൾക്കും പ്രധാനമായും ധനസഹായം ആവശ്യമുള്ളതായും സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിലേയ്ക്ക് 49.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2250-00-103-80 – <u>ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം</u>

മലബാർ ദേവസ്വത്തിന്റെ കീഴിലുള്ളതും സ്വകാര്യ ക്ഷേത്രങ്ങളുടെ കീഴിലുള്ളതുമായ കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനായി 9.6785 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും അതിൽ 9 കോടിയോളം രൂപ ഇനിയും ലഭിക്കേണ്ടതുണ്ടെന്നും കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും കൂടൽമാണിക്യം ദേവസ്വം ബോർഡിൽ നിന്നും ഏകദേശം 11 കോടിയോളം രൂപയുടെ

പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിലേയ്ക്ക് 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XX —ശുദ്ധ ജലവിതരണവും ശുചീകരണവും**

2215-02-105-95—ഗ്രാമീണ ശുചീകരണ സർവീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള സഹായം)

ശബരിമലയിലും എരുമേലിയിലും മറ്റു പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടത് പരമപ്രധാന കാര്യമായതിനാൽ ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും 2022-23 വർഷത്തെ ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിലേയ്ക്ക് 4.9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XI- ജില്ലാ ഭരണവും പലവകയും**

2053-00-094-42—കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്ലാൻ ഫണ്ടിൽ നിന്നാണ് നിലവിൽ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കും അതോറിറ്റിയുടെയും സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിലെയും ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് അലവൻസുകൾക്കും ഉള്ള തുക നൽകി വരുന്നതെന്നും എന്നാൽ ശമ്പളച്ചെലവുകൾക്കായി നോൺ പ്ലാൻ ഫണ്ടിൽ തുക വകയിരുത്തേണ്ടത് ആവശ്യമാണെന്നും സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിലേയ്ക്ക് 3.31 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം, 2021-22 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2022 ജൂൺ മാസം ചേരുന്ന നിയമസഭാ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കേണ്ടതിനാൽ പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ റവന്യൂ , ദേവസ്വം വകുപ്പുകൾ എത്രയും വേഗം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു .

സമിതി യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു .

**<u>2022 ഏപ്രിൽ 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>**

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II ,2022 ഏപ്രിൽ 27-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 4 എ സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ.രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, എക്സ്-ഒഫീഷ്യോ അംഗമായ ബഹു. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമവും
ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ.രാധാകൃഷ്ണനും താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1 . ഡോ. എൻ. ജയരാജ് , ഗവ . ചീഫ് വിപ്പ്
2 . ശ്രീ. കെ.ഡി. പ്രസേനൻ , എം.എൽ. എ.
3 . ശ്രീ. എം. രാജഗോപാലൻ , എം.എൽ. എ.
4. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി , എം.എൽ. എ.
5 . ശ്രീ. സനീഷ്കുമാർ ജോസഫ് , എം.എൽ. എ.
6 . ശ്രീ.എൻ.എ. നെല്ലിക്കുന്ന് , എം.എൽ. എ.( ഓൺലൈനിൽ ഹാജരായി)
7 . ശ്രീ . പി . ടി. എ. റഹീം , എം.എൽ. എ. ( ഓൺലൈനിൽ ഹാജരായി )
8 . ശ്രീ . പി.വി. ശ്രീനിജിൻ , എം.എൽ. എ. ( ഓൺലൈനിൽ ഹാജരായി )

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

1 . ശ്രീ. ത്രിദീപ് . കെ.ജി. , ജോയിന്റ് സെക്രട്ടറി
2 . ശ്രീമതി . ജയശ്രീ . എം , ഡെപ്യൂട്ടി സെക്രട്ടറി
3 . ശ്രീ . സജീവൻ. പി. കെ. , അണ്ടർ സെക്രട്ടറി

സമിതി, 2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെ പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു .

പ്രസ്തുത റിപ്പോർട്ടിലെ 27- ാം നമ്പർ ശിപാർശ " സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കി മാറ്റുന്നതിനും വില്ലേജ് / താലൂക്ക് ഓഫീസുകൾ കംപ്യൂട്ടർവൽക്കരിച്ച് ഇ- ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു " എന്ന് ഭേദഗതി വരുത്താൻ സമിതി തീരുമാനിച്ചു.

കൂടാതെ, സ്മാർട്ട് വില്ലേജ് , ഡിജിറ്റൽ റീ സർവ്വേ എന്നിവ നടപ്പിലാക്കിയ സംസ്ഥാനങ്ങളിൽ പഠന പര്യടനം നടത്തണമെന്ന് സമിതി തീരുമാനിക്കുകയും ചെയ്തു.

യോഗം രാവിലെ 11 . 45 ന് പിരിഞ്ഞു .

## 2022 ജൂലൈ 12 -ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II ,2022 ജൂലൈ 12-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിനു ശേഷം വൈകിട്ട് 3.50 ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ.രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ , എക്സ്-ഒഫീഷ്യോ അംഗമായ ബഹു. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ.രാധാകൃഷ്ണനും താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. എൻ. ജയരാജ് , ഗവ . ചീഫ് വിപ്പ്
2. ശ്രീ.എൻ.എ. നെല്ലിക്കുന്ന് , എം.എൽ. എ.
3. ശ്രീ. കെ.ഡി. പ്രസേനൻ , എം.എൽ. എ.
4. ശ്രീ. എം. രാജഗോപാലൻ , എം.എൽ. എ.
5. ശ്രീ. സനീഷ്കുമാർ ജോസഫ് , എം.എൽ. എ.
6. ശ്രീ . പി.വി. ശ്രീനിജിൻ , എം.എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. ത്രിദീപ് . കെ.ജി. , ജോയിന്റ് സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീമതി. രാരി രാജൻ , സ്പെഷ്യൽ സെക്രട്ടറി , റവന്യൂ വകുപ്പ് .
2. ശ്രീമതി. ആർ.താരാദേവി , അഡീഷണൽ സെക്രട്ടറി , പൊതുഭരണ (ഏകോപനം) വകുപ്പ് .
3. ശ്രീ. കെ.സുനിൽ കുമാർ , അഡീഷണൽ സെക്രട്ടറി , റീബിൽഡ് കേരള ഇനീഷ്യേറ്റീവ്
4. ശ്രീ. അനിൽ കുമാർ. സി ,അഡീഷണൽ സെക്രട്ടറി , മൃഗസംരക്ഷണ വകുപ്പ്
5. ശ്രീമതി. ലത. എസ് , അഡീഷണൽ സെക്രട്ടറി, പിന്നാക്കവിഭാഗ വികസന വകുപ്പ്
6. ശ്രീ. അബ്ദുൽ നാസർ. ബി. , അഡീഷണൽ സെക്രട്ടറി , റവന്യൂ വകുപ്പ്
7. ശ്രീമതി. ജോസഫൈൻ. കെ , അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
8. ശ്രീമതി. അനിതകുമാരി. കെ.ബി , അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
9. ശ്രീ. റ്റി.ആർ.ജയപാൽ , അഡീഷണൽ സെക്രട്ടറി , റവന്യൂ വകുപ്പ്
10. ശ്രീ. സീറാം സാംബശിവ റാവു , ഡയറക്ടർ , സർവേയും ഭൂരേഖയും വകുപ്പ്
11. ശ്രീ. ദേവിദാസ് . എൻ , ഹൗസിംഗ് കമ്മീഷണർ , തിരുവനന്തപുരം
12. ശ്രീ. സുഭാഷ്. റ്റി.വി. , ഡയറക്ടർ , കൃഷി വകുപ്പ്
13. ഡോ. ഫെബി വർഗ്ഗീസ് , ഡയറക്ടർ , കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം , തിരുവനന്തപുരം

14. ശ്രീ. കെ.പി. കൃഷ്ണകുമാർ ,ചീഫ് എൻജിനീയർ , കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് , തിരുവനന്തപുരം
15. ശ്രീമതി. അനുരാധ. കെ.കെ, ജോയിന്റ് സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്
16. ശ്രീമതി. ഷീന.സി.കുട്ടപ്പൻ , ഡെപ്യൂട്ടി സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്
17. ശ്രീ. ജയൻ ആർ , ചീഫ് ടെക്നിക്കൽ ഓഫീസർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ,
18. ശ്രീ. ജി.സിദ്ധാർത്ഥൻ, ഡെപ്യൂട്ടി ഡയറക്ടർ , പിന്നാക്കവിഭാഗ വികസന വകുപ്പ്
19. ശ്രീ. അജി ഫ്രാൻസിസ് , സീനിയർ ഫിനാൻസ് ഓഫീസർ ,ലാൻഡ് റവന്യൂ വകുപ്പ്
20. ശ്രീ. സ്കോട്ട് .കെ.കെ ,ഫിനാൻസ് ഓഫീസർ , ലാൻഡ് ബോർഡ്
21. ശ്രീ. ഹരികൃഷ്ണകുമാർ .എസ്.ആർ , ഫിനാൻസ് മാനേജർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് , തിരുവനന്തപുരം
22. ശ്രീമതി. ഊർമ്മിള രാജ് .യു , ചീഫ് പ്ലാനർ , ഹൗസിംഗ് (ടെക്നിക്കൽ സെൽ )
23. ശ്രീ. സാം ക്ലീറ്റസ് , അസിസ്റ്റന്റ് സെക്രട്ടറി, ലാൻഡ്ബോർഡ്
24. ശ്രീ. അജയ് സുകുമാരൻ , അസിസ്റ്റന്റ് ഡയറക്ടർ , കൃഷി വകുപ്പ്
25. ശ്രീമതി. ബീന. എസ് , അസിസ്റ്റന്റ് ഡയറക്ടർ , കൃഷി വകുപ്പ്
26. ശ്രീമതി. ഷിബിന ടൈറ്റസ് , ടെക്നിക്കൽ അസിസ്റ്റന്റ് , കൃഷി വകുപ്പ്

സമിതി, 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ , 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിനെ സംബന്ധിക്കുന്ന വാർഷികപ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുന്ന കാലതാമസപത്രികകൾ , 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവയുടെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**<u>I. നടപടി സ്റ്റേറ്റ്മെന്റ് പരിഗണന സംബന്ധിച്ച്</u>**

1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് .
(ഫയൽ നം. 3015/സബ്.സി.ബി1/2019/നി.സെ.)

സമിതിയുടെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 21 , 22 എന്നീ ഖണ്ഡികകളിലെ പൊതു ശിപാർശകളിന്മേൽ പിന്നാക്കവിഭാഗവികസന വകുപ്പ് , ഭവനനിർമ്മാണ വകുപ്പ് , കൃഷി വകുപ്പ് , മൃഗസംരക്ഷണ വകുപ്പ് എന്നിവിടങ്ങളിൽ നിന്നും കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് .
(ഫയൽ നം. 1517/സബ്.സി.ബി1/2020/നി.സെ.)

സമിതിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 2,5,18,28,29,30 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് .
(ഫയൽ നം. 12292/സബ്.സി.ബി1/2021/നി.സെ.)

സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ റവന്യൂ (ഖണ്ഡിക 1, 2, 3, 5, 6, 7, 10), പൊതുഭരണ - ഏകോപനം (ഖണ്ഡിക 11), റവന്യൂ-ദേവസ്വം (ഖണ്ഡിക 12 മുതൽ 21 വരെ, 25) , ദുരന്ത നിവാരണം (ഖണ്ഡിക 22), ആസൂത്രണ സാമ്പത്തികകാര്യം (ഖണ്ഡിക 23,24) എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**<u>II. വാർഷികപ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുന്ന കാലതാമസപത്രിക - പരിഗണന സംബന്ധിച്ച്</u>**
(ഫയൽ നം. 246/സബ്.സി.ബി1/2020/നി.സെ.,
ഫയൽ നം. 252/സബ്.സി.ബി1/2021/നി.സെ. )

റവന്യൂവകുപ്പിന്റെ കീഴിലുള്ള ലാൻഡ് റവന്യൂ കമ്മീഷണറേറ്റിന്റെ 2019-20 , 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുന്ന കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**<u>III. റിപ്പോർട്ടുകളുടെ കരട് - പരിഗണന സംബന്ധിച്ച്</u>**

1. സമിതി ഈ യോഗത്തിൽ അംഗീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തിയ പ്രകാരമുള്ള, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

2. സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വൈകുന്നേരം 4.00 മണിക്ക് യോഗം അവസാനിച്ചു.

**13.07.2022 – ലെ യോഗനടപടിക്കുറിപ്പ്**

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V എന്നിവ സംയുക്തമായി The Kerala Finance Bill, 2022, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണിക്കുന്നതിനായി 2022 ജൂലൈ മാസം 13, ബുധനാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 7.45 ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സബ്ജക്ട് കമ്മിറ്റി VIII ന്റെ അദ്ധ്യക്ഷനും ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സന്നിഹിതരായിരുന്ന സമിതി അദ്ധ്യക്ഷൻമാർ/ എക്സ്-ഒഫീഷ്യോ അംഗങ്ങൾ, പ്രത്യേക ക്ഷണിതാക്കൾ, മറ്റ് അംഗങ്ങൾ എന്നിവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ,
   ബഹു: തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി VIII.

2. ശ്രീ. വി. എൻ. വാസവൻ,
   ബഹു: സഹകരണ – രജിസ്ട്രേഷൻ വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി VIII.

3. ശ്രീ. കെ. രാജൻ,
   ബഹു: റവന്യൂ - ഭവനനിർമ്മാണ വകുപ്പുമന്ത്രി,
   അദ്ധ്യക്ഷൻ,
   സബ്ജക്ട് കമ്മിറ്റി II.

4. ശ്രീ. കെ. രാധാകൃഷ്ണൻ,
   ബഹു: പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ -
   ദേവസ്വം വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി II.

5. ശ്രീ. ആന്റണി രാജു,
   ബഹു: ഗതാഗത വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി V.

6. ശ്രീ. അഹമ്മദ് ദേവർകോവിൽ,
ബഹു: തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി,
എക്സ്-ഒഫീഷ്യോ അംഗം,
സബ്ജക്ട് കമ്മിറ്റി V.

**ഹാജരായ അംഗങ്ങൾ:**

സബ്ജക്ട് കമ്മിറ്റി VIII:

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. കെ. വി. സുമേഷ്
6. ശ്രീ. ഇ. കെ. വിജയൻ

സബ്ജക്ട് കമ്മിറ്റി II:

1. ഡോ. എൻ. ജയരാജ്
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. എം. രാജഗോപാലൻ
4. ശ്രീ. സനീഷ്കുമാർ ജോസഫ്
5. ശ്രീ. പി. വി. ശ്രീനിജിൻ

സബ്ജക്ട് കമ്മിറ്റി V:

1. ശ്രീ. കെ. പ്രേംകുമാർ
2. ശ്രീ. പി. പി. സുമോദ്
3. ശ്രീ. വി. ആർ. സുനിൽകുമാർ
4. ശ്രീമതി ഉമ തോമസ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി
3. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി
4. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
5. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
6. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി
7. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

**<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ</u>**

1. ശ്രീ. രാജേഷ് കുമാർ സിംഗ്, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ-നികുതി വകുപ്പുകൾ.
2. ഡോ. രത്തൻ യു. ഖേൽക്കർ, കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.
3. ശ്രീ. എസ്. ശ്രീജിത്ത്, കമ്മീഷണർ, ഗതാഗത വകുപ്പ്.
4. ഡോ. വീണ എൻ. മാധവൻ, സ്പെഷ്യൽ കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.
5. ശ്രീ. അബ്ദുൾ നാസർ ബി., അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
6. ശ്രീമതി സന്ധ്യ എസ്., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
7. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
8. ശ്രീമതി രേണുക ദേവി ബി. എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
9. ശ്രീ. അജിത് കുമാർ എ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
10. ശ്രീ. എബ്രഹാം റെൻ എസ്., അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.
11. ശ്രീ. പ്രമോജ് ശങ്കർ, അഡീഷണൽ കമ്മീഷണർ, ഗതാഗത വകുപ്പ്.
12. ശ്രീ. വി. എസ്. ബിനു, അസിസ്റ്റന്റ് കമ്മീഷണർ (എൽ. ആർ), ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.

സമിതി "The Kerala Finance Bill, 2022", 2022 ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ആയതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

I <u>The Kerala Finance Bill, 2022 പരിഗണന</u>

The Kerala Finance Bill, 2022 ലെ 1, 5, 7 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമ വകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുകയും ഭേദഗതികൾ കൊണ്ടുവരാൻ ഇടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. പ്രസ്തുത ഭേദഗതികൾ സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ The Kerala Finance Bill, 2022 അംഗീകരിക്കുകയും ചെയ്തു.

## <u>Clause 1</u>

(i) for item (a) of sub-clause (2) the following item shall be substituted,
namely:-

"(a) sub-section (1) of section 4 shall be deemed to have come into force on the 18th day of March, 2022;"

(ii) in item (b) and in its proviso for the word "clause" occurring at both the places the word "section" shall be substituted;

(iii) in clause (c) after the word "shall" the words "be deemed to have" shall be inserted.

**Clause 5**

in the TABLE under sub-clause (1), serial No. 5 and the entries against it in columns (2), (3) and (4) shall be omitted and the serial numbers 6, 7, 8 and 9 shall be renumbered as 5, 6, 7 and 8 respectively.

**Clause 7**

(i) item (c) in sub-section (11) shall be omitted and the item "(d)" shall be relettered as "(c)";

(ii) for sub-clause (12), the following sub-clause shall be substituted, namely:-

"(12) in section 50, for sub-section (3), the following sub-section shall be substituted, namely:-

(3) Where the input tax credit has been wrongly availed and utilised, the registered person shall pay interest on such input tax credit wrongly availed and utilised, at such rate not exceeding twenty-four per cent as may be notified by the Government, on the recommendations of the Council, and the interest shall be calculated, in such manner as may be prescribed.

Note:- This sub-section shall be deemed to have come into force on the 1st day of July, 2017.";

**FIRST SCHEDULE**

for the words "sub-clause" and "clause" under the title 'FIRST SCHEDULE' the words "sub-section" and "section" shall, respectively, be substituted.

**SECOND SCHEDULE**

for the words "sub-clause" and "clause" under the title 'SECOND SCHEDULE' the words "sub-section" and "section" shall, respectively, be substituted.

The Kerala Finance Bill, 2022 മേൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീമതി ഉമ തോമസ്,

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. സനീഷ് കുമാർ ജോസഫ് എന്നീ അംഗങ്ങൾ ബന്ധപ്പെട്ട വിഷയങ്ങളിൽ വിയോജിപ്പ് രേഖപ്പെടുത്തി.

II 2022 ലെ കേരള ധനകാര്യ (2-ാംനമ്പർ) ബിൽ

2022 ലെ കേരള ധനകാര്യ (2-ാംനമ്പർ) ബില്ലിലെ 1-ാംഖണ്ഡത്തിൽ നിയമ വകുപ്പ് ഉദ്യോഗസ്ഥർ ചുവടെ ചേർക്കും പ്രകാരം ഔദ്യോഗിക ഭേദഗതി നിർദ്ദേശിക്കുകയും ഭേദഗതി കൊണ്ടുവരാൻ ഇടയായ സാഹചര്യം വിശദീകരിക്കുകയും സമിതി ചർച്ച ചെയ്ത് പ്രസ്തുത ഭേദഗതിയോടെ 2022 ലെ കേരള ധനകാര്യ (2-ാംനമ്പർ) ബിൽ അംഗീകരിക്കുകയും ചെയ്തു.

**ഖണ്ഡം – 1**

(2)-ാംഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(2) ഇത് 2022 ഏപ്രിൽ 1-ാംതീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

പ്രസ്തുത ബില്ലിന്മേൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാത്രി 8.00 മണിക്ക് അവസാനിച്ചു.

**2022 നവംബർ 23 – ലെ യോഗനടപടിക്കുറിപ്പ്**

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2022 നവംബർ 23 ന് ഉച്ചയ്ക്ക് ശേഷം 12.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '3 ബി' സമ്മേളന ഹാളിൽ, സമിതി ചെയർമാനായ ബഹു. റവന്യൂ - ഭവന നിർമ്മാണ വകുപ്പ് മന്ത്രി ശ്രീ.കെ.രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. എൻ.ജയരാജ്
2. ശ്രീ. കെ.ഡി. പ്രസേനൻ
3. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
4. ശ്രീ. പി.ടി.എ.റഹീം (ഓൺലൈനിൽ ഹാജരായി)

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി. ജയശ്രീ.എം.,ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. മോഹനൻ.ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സീറാം സാംബശിവ റാവു, ഡയറക്ടർ, സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. അനിൽ കുമാർ. കെ, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ വകുപ്പ് .

പ്രസ്തുത യോഗത്തിൽ സമിതി, കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം "ഡിജിറ്റൽ റീ-സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ" എന്ന വിഷയം ചർച്ച ചെയ്തു.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഡിജിറ്റൽ റീ-സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി ബഹു. റവന്യൂ - ഭവന നിർമ്മാണ വകുപ്പ് മന്ത്രിയായ സമിതി ചെയർമാൻ വിശദീകരിച്ചു. കേരളത്തിൽ ആകെയുള്ള 1666 വില്ലേജുകളിൽ 911 വില്ലേജുകളിൽ മാത്രമാണ് റീ സർവ്വേ നടത്തിയിട്ടുള്ളതെന്നും ആയതിൽ 91 വില്ലേജുകളിൽ നിലവിൽ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ETS) മെഷീൻ ഉപയോഗിച്ച് ഡിജിറ്റൽ റീസർവേ നടപടികൾ പൂർത്തിയാക്കുകയും

25 വില്ലേജുകളിൽ ഡിജിറ്റൽ റീസർവേ നടപടികൾ നടന്നുകൊണ്ടിരിക്കുകയുമാണെന്നും ശേഷിക്കുന്ന 1550 വില്ലേജുകളിൽ നാല് വർഷം കൊണ്ട് ഡിജിറ്റൽ റീ-സർവേ നടപടികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത നടപടികളുടെ പൂർത്തീകരണം, ആയതിനാവശ്യമായ തുക കണ്ടെത്തൽ, സർവ്വേ നടപടികളെക്കുറിച്ചുള്ള ബോധവൽക്കരണം തുടങ്ങിയവയാണ് ഡിജിറ്റൽ റീ-സർവേ നടപ്പിലാക്കുമ്പോൾ പ്രധാനമായും അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

'സെൻട്രൽ സർവ്വേ ഓഫ് ഇൻഡ്യ' യുടെ സഹായത്തോടെ ഏറ്റവും സുതാര്യവും വേഗതയേറിയതുമായ മൂന്ന് സാങ്കേതിക വിദ്യകൾ തെരഞ്ഞെടുത്ത് കേരളത്തിലെ ഡിജിറ്റൽ റീസർവേ നടപടികൾക്കായി ഉപയോഗിക്കാൻ തീരുമാനിച്ചുവെന്നും Continuously Operating Reference Stations (CORS) ന്റെ അടിസ്ഥാനത്തിൽ ഉപയോഗിക്കാൻ കഴിയുന്ന Real Time Kinematic Rover മെഷീനുകൾ ഉപയോഗിച്ച് 70 ശതമാനം സ്ഥലങ്ങളും ഏറ്റവും പുതിയ വേർഷനായ റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ (RTS) ഉപയോഗിച്ച് 20 ശതമാനം സ്ഥലങ്ങളും ബാക്കി തുറസ്സായ സ്ഥലങ്ങൾ, പുഴ, തോട്, കുളങ്ങൾ, കനാലുകൾ തുടങ്ങിയവ വേഗത്തിൽ അടയാളപ്പെടുത്താൻ കഴിയുന്ന ലിഡാർ ക്യാമറ ഫിറ്റ് ചെയ്ത ഡ്രോൺ ഉപയോഗിച്ചും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും 6 മാസം കൊണ്ട് 200 വില്ലേജുകൾ എന്ന അടിസ്ഥാനത്തിൽ 3 വർഷവും 8 മാസവും കൊണ്ട് സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

റീ ബിൽഡ് കേരള ഇനിഷിയേറ്റിവിൽ ഉൾപ്പെടുത്തി 858 കോടി രൂപ അനുവദിച്ചതിൽ നിന്നും സർവ്വേ പ്രവർത്തനങ്ങൾക്കായി 438.46 കോടി രൂപ

ഇതിനകം വിനിയോഗിച്ചിട്ടുണ്ടെന്നും നിലവിൽ കേരളത്തിലെ 28 സ്ഥലങ്ങളിൽ CORS സ്റ്റേഷനുകൾ രൂപീകരിക്കുകയും CORS കൺട്രോൾ റൂമിന് ആവശ്യമായ അഞ്ചരക്കോടി രൂപ സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും SWAMITVA പദ്ധതിയിൽ നിന്നുമായി വിതരണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ടെന്നും കൂടാതെ, 1000 Real Time Kinematic (RTK) മെഷീനുകളും 200 Electronic Robotic Total Station (R-ETS) മെഷീനുകളും 1200 അത്യാധുനിക നിലവാരത്തിലുള്ള ടാബ്‌ലറ്റ് കംപ്യൂട്ടറുകളും വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും അദ്ദേഹം സമിതി മുമ്പാകെ വിശദമാക്കി.

ഡിജിറ്റൽ റീസർവേ സംവിധാനത്തിൽ ഭൂമി അളക്കുന്നതിനു മുൻപായി ഉടമസ്ഥരെ അറിയിക്കുകയും അവരുടെ സാന്നിധ്യത്തിൽ ഭൂമി അളന്ന് റവന്യൂ വകുപ്പിന്റെ "എന്റെ ഭൂമി" പോർട്ടലിൽ സ്കെച്ച് പ്രസിദ്ധീകരിക്കുകയും ചെയ്യുമെന്നും ടി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആൾക്ക് ഡിജിറ്റൽ ഡിവൈസ് മുഖേന സ്കെച്ച് പരിശോധിക്കുന്നതിനും പരാതികൾ ഉണ്ടെങ്കിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനും സാധിക്കുമെന്നും കൂടാതെ, ഭൂവുടമയുടെ അസ്സാന്നിധ്യത്തിൽ ഭൂമി അളക്കുന്ന സാഹചര്യങ്ങളിൽ ഭൂമി അളക്കുന്നത് സാക്ഷ്യപ്പെടുത്തുന്നതിനും പരിശോധിക്കുന്നതിനുമായി അയാൾക്ക് ഒരാളെ പ്രോക്സി ആയി ചുമതലപ്പെടുത്താനും സാധിക്കുമെന്നും ഈ വസ്തുതകൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി ഭൂമി അളക്കുന്ന എല്ലാ വില്ലേജുകളിലെയും വാർഡ് സഭകൾ 'സർവ്വേ സഭകൾ' എന്ന പേരിൽ കൂടാൻ തീരുമാനിച്ചിട്ടുള്ളതായും ആദ്യ 200 വില്ലേജുകളിലും സർവ്വേ സഭകൾ വിളിച്ചു ചേർക്കുകയും ReLIS ഡാറ്റായുടെ പ്യൂരിഫിക്കേഷൻ അതായത് അളവുകളിൽ പൊരുത്തക്കേടുള്ളത്, മാറിക്കിടക്കുന്നത് എന്നിവയെല്ലാം പ്രത്യേകമായി പരിശോധന നടത്തി പൂർത്തീകരിക്കുകയും സർവ്വേ റെക്കോഡുകളുടെ അടിസ്ഥാനത്തിലുള്ള സ്കാനിംഗ് ജോലികൾ പൂർത്തീകരിച്ച് നിലവിൽ

Standard Operating Procedure (SOP) മായി നടപടികൾ തുടരുകയുമാണെന്നും ബഹു. വകുപ്പുമന്ത്രി വിശദീകരിച്ചു.

നിലവിലുള്ള റീ സർവ്വേ നടപടികളുടെ ഭാഗമായി നിരവധി എൽ.ആർ. കേസുകൾ നിലവിലുണ്ടെന്നും ആയതിൽ 60 ശതമാനവും അധികവിസ്തീർണ്ണവുമായി ബന്ധപ്പെട്ടതാണെന്നും അത്തരം പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിനായി ഒരു സെറ്റിൽമെൻറ് ആക്ട് പുറപ്പെടുവിക്കേണ്ടതുണ്ടെന്നും ഭൂമി രജിസ്റ്റർ ചെയ്യുന്നതിനായുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ PEARL (Package For Effective Administration for Registration Laws), പോക്കുവരവ് നടപടികൾക്കായുള്ള റവന്യൂ വകുപ്പിന്റെ ReLIS (Revenue Land Information System), ലൊക്കേഷൻ സ്കെച്ച് അറിയാനുള്ള സർവ്വേ വകുപ്പിന്റെ e-Maps എന്നീ സോഫ്റ്റ്‌വെയറുകൾ കൂട്ടിയോജിപ്പിച്ച് ഒരു ഇന്റഗ്രേറ്റഡ് പോർട്ടൽ വികസിപ്പിച്ചാൽ ഭൂമി സംബന്ധമായ എല്ലാ ക്രയവിക്രയങ്ങൾക്കും കൂടി ഒരു പൊതുസംവിധാനം ഉണ്ടാകും എന്നത് ഡിജിറ്റൽ റീ സർവ്വേയുടെ ഗുണപരമായ ഒരു വശമാണെന്നും വകുപ്പുമന്ത്രിയായ ബഹു. ചെയർമാൻ വിശദീകരിച്ചു. ഡിജിറ്റൽ റീ സർവ്വേ പ്രാവർത്തികമാകുമ്പോൾ പട്ടയമില്ലാത്ത ഭൂമി, വനഭൂമി എന്നിവ സംബന്ധിച്ച് കൃത്യത ഉണ്ടാവുകയും പട്ടയവിതരണപ്രവർത്തനങ്ങൾക്ക് വേഗത കൈവരിക്കുകയും ചെയ്യുമെന്നും കൂടാതെ, ടോപോഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിന്റെ ഫലമായി താമസ സ്ഥലം, വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന സ്ഥലം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന സ്ഥലം എന്നിവയെക്കുറിച്ചെല്ലാം വിശദമായി അറിയാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കുവാൻ കഴിയുമെന്നും CORS, RTK തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംസ്ഥാനം മുഴുവൻ അളക്കുന്ന ഡിജിറ്റൽ സർവ്വേ സംവിധാനം കേരളത്തിലാണ് ആദ്യമായി നടപ്പിലാക്കുന്നതെന്നും ആന്ധ്രാപ്രദേശിൽ ഡ്രോണിന്റെ സഹായത്തോടെയും

രാജസ്ഥാനിലും ബീഹാറിലും എരിയൽ സർവ്വേയുമാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും സർവ്വേ ആൻഡ് ലാൻഡ് റെക്കോഡ്സ് ഡയറക്ടർ വ്യക്തമാക്കി.

റവന്യൂ - വനം വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയ ശേഷവും പട്ടയരഹിത സ്ഥലങ്ങളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസുകളും പ്രശ്നങ്ങളും പരിഹരിക്കണമെന്നും കൂടാതെ, ഭൂമി തരംതിരിവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിനും BTR (ബേസിക് ടാക്സ് രജിസ്റ്റർ) -ൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാകണമെന്നും ഡിജിറ്റൽ റീസർവ്വേ സംബന്ധിച്ച് സ്കൂൾ, പഞ്ചായത്ത് , ജനപ്രതിനിധി, ഗ്രാമസഭ എന്നീ തലങ്ങളിലൂടെയും മാധ്യമങ്ങളുടെ സഹായത്തോടെയും ജനങ്ങളിലേക്ക് എത്തിക്കണമെന്നും സമിതിയംഗങ്ങൾ അഭിപ്രായപ്പെട്ടു. ഡിജിറ്റൽ റീസർവ്വേ നടപ്പിലാക്കിയ സംസ്ഥാനങ്ങൾ ഉൾപ്പെടുത്തി സബ്ജക്ട് കമ്മിറ്റി അഖിലേന്ത്യാ പഠന പര്യടനം നടത്തുന്നതിനും കൂടാതെ , കേരളത്തിൽ പ്രസ്തുത പദ്ധതി നടക്കുന്ന ഏതെങ്കിലും ഒരു ജില്ല ബന്ധപ്പെട്ട റവന്യൂ, സർവ്വേ അധികാരികളെ കൂടി ഉൾപ്പെടുത്തി സന്ദർശനം നടത്തി സബ്ജക്ട് കമ്മിറ്റി യോഗം ചേരുന്നതിനും സമിതി തീരുമാനിച്ചു.

ഉച്ചയ്ക്ക് ശേഷം 1.20 ന് യോഗം അവസാനിച്ചു.

**2022 ഡിസംബർ 6-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ് .**

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II ,2022 ഡിസംബർ 6-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിനു ശേഷം വൈകിട്ട് 4.45 ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ.രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ.എ. നെല്ലിക്കുന്ന് , എം.എൽ. എ.
2. ശ്രീ. പി.ടി.എ. റഹീം , എം.എൽ. എ.
3. ശ്രീ. എം. രാജഗോപാലൻ , എം.എൽ. എ.
4. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി , എം.എൽ. എ.
5. ശ്രീ . പി.വി. ശ്രീനിജിൻ , എം.എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. ത്രിദീപ് . കെ.ജി. , ജോയിന്റ് സെക്രട്ടറി
2. ശ്രീ. മോഹനൻ ഒ. അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ഡോ .എ. ജയതിലക് ,അഡീഷണൽ ചീഫ് സെക്രട്ടറി , റവന്യൂ വകുപ്പ്
2. ശ്രീമതി. അനുപമ ടി.വി., ലാൻഡ് റവന്യൂ കമ്മീഷണർ
3. ശ്രീ. സാദിഖ് .എം.കെ., സ്പെഷ്യൽ സെക്രട്ടറി , നിയമവകുപ്പ്.
4. ശ്രീ. അബ്ദുൽ നാസർ ബി. , അഡീഷണൽ സെക്രട്ടറി , റവന്യൂ വകുപ്പ്
5. ശ്രീമതി. അന .എസ് . നായർ , അസിസ്റ്റന്റ് കമ്മീഷണർ , റവന്യൂ വകുപ്പ്

സമിതി, 2022- ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ , The Kerala Land Reforms (Amendment) Bill, 2021 എന്നിവയുടെ പരിഗണനയ്ക്കായി ചേർന്ന പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

The Kerala Land Reforms (Amendment) Bill, 2021 സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു .

2022 - ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, സമിതി പരിഗണിക്കുകയും പ്രസ്തുത ബില്ലിന്റെ ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 23 എ (6) വകുപ്പിൽ "കണ്ടുകെട്ടിയ മണലിന്റെ മതിപ്പ് വില" എന്നീ വാക്കുകൾക്കു പകരം "കണ്ടുകെട്ടിയ മണലിന്റെ വില, സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്നതനുസരിച്ച്," എന്ന

വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ് എന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു .

അനധികൃത മണൽ കടത്തലുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങൾ പിഴയടച്ചുകഴിഞ്ഞാൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയും വേഗം വിട്ടുനല്കണമെന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ബഹു. അംഗം ശ്രീ. എൻ.എ.നെല്ലിക്കുന്ന്, എം.എൽ.എ. റിപ്പോർട്ടുകൾക്കു വിയോജിപ്പ് രേഖപ്പെടുത്തി.

വൈകുന്നേരം 5.10 ന യോഗം അവസാനിച്ചു.

## 2023 ഫെബ്രുവരി 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2023 ഫെബ്രുവരി 16-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു.റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ.രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1 . ഡോ. എൻ.ജയരാജ്, ഗവ. ചീഫ് വിപ്പ്
2 . ശ്രീ. കെ.ഡി.പ്രസേനൻ, എം.എൽ. എ.
3 . ശ്രീ. എം.രാജഗോപാലൻ, എം.എൽ. എ.
4 . ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, എം.എൽ. എ.
5 . ശ്രീ. സനീഷ്കുമാർ ജോസഫ്, എം.എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1 . ശ്രീ. ത്രിദീപ് കെ.ജി., ജോയിന്റ് സെക്രട്ടറി
2 . ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി
3 . ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ഡോ. എ.ജയതിലക്, അഡിഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീമതി ആർ.താരാദേവി, അഡിഷണൽ സെക്രട്ടറി ,പൊതുഭരണ വകുപ്പ്
3. ശ്രീ. അനൂപ് എസ്., അഡിഷണൽ സെക്രട്ടറി , ധനകാര്യ വകുപ്പ്
4.ശ്രീമതി അനുപമ ടി.വി., ലാൻഡ് റവന്യൂ കമ്മീഷണർ
5. ശ്രീ. സീറാം സാംബശിവ റാവു, ഡയറക്ടർ , സർവേയും ഭൂരേഖയും വകുപ്പ്
6. ശ്രീമതി ശ്രീകല എസ്. പണിക്കർ , ജോയിന്റ് സെക്രട്ടറി , ധനകാര്യ വകുപ്പ്
7. ശ്രീ. അർജ്ജുൻ പാണ്ഡ്യൻ, ജോയിന്റ് കമ്മീഷണർ , ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്
8. ശ്രീ. കാർത്തിക് ഗോപാൽ സി., പ്രോജക്ട് മാനേജർ , KYLA-GAD
9.ശ്രീ. എ.ഹബീബ് ,ഡിവിഷണൽ വഖഫ് ഓഫീസർ, കേരള വഖഫ് ബോർഡ്
10. ശ്രീ . അജി ഫ്രാൻസിസ്, സീനിയർ ഫിനാൻസ് ഓഫീസർ , ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്
11.ശ്രീമതി സുമയ്യ എം.എസ്. സീനിയർ ഗ്രേഡ് അസിസ്റ്റന്റ് , സാമൂഹിക സന്നദ്ധസേനാ ഡയക്ടറേറ്റ്

സമിതി, 2023-24 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ധനാഭ്യർത്ഥന നമ്പർ VI, XI, XXVIII, എന്നിവയിന്മേലുള്ള ശീർഷകങ്ങളിലെ കണക്കിനങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു .

**ധനാഭ്യർത്ഥന നമ്പർ VI – ഭൂനികുതി**

2029-00-101-99 -വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കെട്ടിടനികുതി ഇനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടിശ്ശികയായി നിലനിൽക്കുന്ന തുക മുഴുവൻ അടച്ചു തീർക്കുന്നതിനായി 2029-00-101-99.6 എന്ന ശീർഷകത്തിൽ 1 കോടി രൂപയും വില്ലേജ് ഓഫീസുകളുടെ വെള്ളക്കരം ഇനത്തിൽ 2029-00-101-99-05.1 എന്ന ശീർഷകത്തിൽ 1 കോടി രൂപയും അധികമായി ആവശ്യമുള്ളതായി മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ആകെ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XI – ജില്ലാ ഭരണവും പലവകയും**

2053-00-093-99 — കളക്ടർമാരും മജിസ്ട്രേറ്റുമാരും

കളക്ടറേറ്റിലെയും റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും IAS ഉദ്യോഗസ്ഥരുടെ കെട്ടിട വാടക നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെട്ടിട നികുതി നൽകുന്നതിനും 2053-00-093-99-06 എന്ന ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുകയും മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2053-00-094-99 — താലൂക്ക് ആഫീസുകൾ

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, റവന്യൂ റിക്കവറി, ഇതര നികുതി പിരിവുകൾ തുടങ്ങിയവയ്ക്ക് താലൂക്ക് ഓഫീസുകൾക്ക് വാഹനങ്ങളുടെ ഉപയോഗം അനിവാര്യമായതിനാൽ ഇന്ധനച്ചെലവുകൾക്കായി 2053-00-094-99-45 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും അറ്റകുറ്റപണികൾക്കായി 2053-00-094-99-21-2 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ആകെ 1കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവീസുകൾ

5475-00-800-77-01—ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ / പദ്ധതികൾ - സ്മാർട്ട് റവന്യൂ ഓഫീസുകൾ

2023-24 സാമ്പത്തിക വർഷം കേരളത്തിലെ ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകുന്ന കർമ്മപദ്ധതി നടപ്പിലാക്കുന്നതിനും റവന്യൂ വകുപ്പിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനും പുതുതായി 40 വില്ലേജ് ഓഫീസുകൾക്ക് കെട്ടിട നിർമ്മാണം നടത്തുന്നതിനും നിലവിൽ കെട്ടിടമുള്ള 80 വില്ലേജ് ഓഫീസുകൾ പുനരുദ്ധീകരിക്കുന്നതിനും കൂടാതെ എല്ലാ റവന്യൂ ഓഫീസുകളിലും പഞ്ചിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുകയും മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

5475-00-800-77-02—ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ / പദ്ധതികൾ-റവന്യൂ വകുപ്പിലെ കംപ്യൂട്ടർവൽക്കരണം- അടിസ്ഥാന സൗകര്യം ഒരുക്കൽ/ പരിപാലനം / നിലവാരമുയർത്തൽ

വില്ലേജ് ഓഫീസുകളിൽ Facility Management Services (FMS), ഇ-ഓഫീസ് സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനും യുണീക്ക് തണ്ടപ്പേർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫിംഗർപ്രിന്റ് ബയോമെട്രിക് ഉപകരണങ്ങൾ വാങ്ങുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

2029-00-103-95 – ഭൂരേഖാ സേവനലഭ്യതയും ഉദ്ഗ്രഥനവും

സർവ്വേ ഡയറക്ടേറ്റിലും മറ്റ് അനുബന്ധ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം പൂർത്തീകരിക്കുന്നതിനും വാർഡ് അടിസ്ഥാനത്തിൽ ഡിജിറ്റൽ സർവ്വേ നടത്തുന്നതിനും പ്രസ്തുത സർവ്വേയ്ക്കാവശ്യമായ ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 11.52 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവീസുകൾ**

5475-00-800-77-03 —ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ / പദ്ധതികൾ - സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം

സർവ്വേ ട്രെയിനിംഗ് സ്കൂളുകളുടെ ആധുനികവൽക്കരണത്തിനായി 1.5 കോടി രൂപയും സർവ്വേ മ്യൂസിയത്തിന്റെ നിർമ്മാണത്തിനായി 5 കോടി രൂപയും അധികമായി ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 6.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XI – ജില്ലാ ഭരണവും പലവകയും**

2250-00-103-89 — വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്

വഖഫ് ബോർഡിന്റെ വർദ്ധിച്ചുവരുന്ന ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുന്നതിനായി അധികം തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2.208 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-37 — സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്

വാതിൽപ്പടിസേവനം രണ്ടാംഘട്ടം, സാമൂഹികാധിഷ്ഠിതമായ ദുരന്തനിവാരണ പദ്ധതി തുടങ്ങിയവ നടപ്പാക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-37 — സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്

സാമൂഹിക സന്നദ്ധസേനയുടെ പരിപാടികൾ വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിനും വോളണ്ടിയർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നിയമിക്കുന്ന പ്രോജക്ട് കോ ഓർഡിനേറ്റർമാരുടെ ശമ്പളം, ഫീൽഡ് സന്ദർശനം, സർവ്വേ സന്നദ്ധപ്രവർത്തകരുടെ ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയവയ്ക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

ഔദ്യോഗിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി സ്ഥലസന്ദർശനം അനിവാര്യമായ സാഹചര്യത്തിൽ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി വാഹനങ്ങളില്ലാത്ത അവസ്ഥ പരിഗണിച്ച സമിതി 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ വില്ലേജ് ഓഫീസുകൾക്ക് വാടകയ്ക്ക് വാഹനസൗകര്യം ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് പരിഗണിക്കപ്പെട്ടിട്ടില്ല എന്ന മനസ്സിലാക്കുകയും സ്ഥലപരിശോധന ഉൾപ്പെടെയുള്ള ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി 3 വില്ലേജ് ഓഫീസുകൾക്ക് ഒന്ന് എന്ന നിലയിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിലേക്കായി ഒരു പദ്ധതി രൂപീകരിച്ച് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേകമായി തുക വകയിരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2023 മേയ് മാസം മൂന്നോ നാലോ സംസ്ഥാനങ്ങൾ സന്ദർശിക്കാൻ കഴിയുന്ന വിധത്തിൽ ഒരു അഖിലേന്ത്യാ പഠന പര്യടന പരിപാടി സംഘടിപ്പിക്കുന്നതിനായി ശ്രീ.എൻ.ജയരാജ്, ശ്രീ.കെ.ഡി.പ്രസേനൻ, ശ്രീ.സനീഷ്കുമാർ ജോസഫ് എന്നീ അംഗങ്ങളുടെ നിർദ്ദേശാനുസരണം യാത്രയുടെ ഒരു കരട് രൂപരേഖ തയ്യാറാക്കണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു. കൂടാതെ ഡിജിറ്റൽ റീ സർവ്വേ നടപടികൾ വിലയിരുത്തുന്നതിനായി കേരളത്തിലെ ഏതെങ്കിലും ഒരു വടക്കൻ ജില്ലയിൽ സന്ദർശനം നടത്താമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

രാവിലെ 11.30 ന് യോഗം അവസാനിച്ചു.

**<u>2023 ഫെബ്രുവരി 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>**

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2023 ഫെബ്രുവരി 17-ാം തീയതി വെള്ളിയാഴ്ച്ച ഉച്ചയ്ക്ക് ശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗമായ ബഹു.പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ.രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1 . ശ്രീ. കെ.ഡി. പ്രസേനൻ, എം.എൽ.എ.

2 . ശ്രീ. എം.രാജഗോപാലൻ, എം.എൽ.എ.

3 . ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, എം.എൽ.എ.

4 . ശ്രീ. പി.ടി.എ.റഹീം, എം.എൽ.എ. (വീഡിയോ കോൺഫറൻസ് മുഖേന )

5 . ശ്രീ. പി.വി.ശ്രീനിജിൻ, എം.എൽ.എ. ( ” )

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

1 . ശ്രീ. ത്രിദീപ് കെ.ജി., ജോയിന്റ് സെക്രട്ടറി

**<u>ഹാജരായ ഉദ്യോഗസ്ഥർ</u>**

1. ശ്രീ. എം.ജി.രാജമാണിക്യം, സ്പെഷ്യൽ സെക്രട്ടറി, ദേവസ്വം വകുപ്പ്

2. ശ്രീ. ടി.ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ(ദേവസ്വം) വകുപ്പ്

3. ശ്രീമതി ശ്രീകല എസ് . പണിക്കർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

4. ശ്രീ. സി.ഹരികുമാർ, പ്രോജക്റ്റ് മാനേജർ, ശബരിമല മാസ്റ്റർപ്ലാൻ

5. ശ്രീ. കെ.ജെ.മധുകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ, ശബരിമല മാസ്റ്റർപ്ലാൻ

6. ശ്രീ. ബി.മധുസൂദനൻ നായർ, ഡയറക്ടർ , കൾച്ചറൽ ആൻഡ് ആർക്കിയോളജിക്കൽ അഫയേഴ്സ് ,തിരുവിതാംകൂർ ദേവസ്വം ബോർഡ്

7. ശ്രീ. എൻ. വാസുദേവൻ നമ്പൂതിരി, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ (ലീഗൽ അഫയേഴ്സ്), ദേവസ്വം കമ്മീഷണർ ഓഫീസ്

8. ശ്രീ. പ്രദീപ് കുമാർ കെ.പി., അസിസ്റ്റന്റ് കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്

9. ശ്രീ. ശ്യാം കുമാർ, സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

10. ശ്രീ. തുളസീധരൻ പിള്ള എ., റവന്യൂ ഡിവിഷണൽ ഓഫീസർ, അടൂർ

11. ശ്രീ. ഗോപാലകൃഷ്ണൻ പോറ്റി വി., ഫിനാൻസ് ഓഫീസർ, ശബരിമല മാസ്റ്റർപ്ലാൻ

12.ശ്രീ. ആർ. ബിജുകുമാർ, ഫിനാൻസ് ഓഫീസർ, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

13. ശ്രീ. ശ്രീരാജ് എസ്.എസ്., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

സമിതി , 2023-24 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ധനാഭ്യർത്ഥന നമ്പർ XI, XX, XXIX, എന്നിവയിന്മേലുള്ള ശീർഷകങ്ങളിലെ കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു .

**ധനാഭ്യർത്ഥന നമ്പർ XI - ജില്ലാ ഭരണവും പലവകയും**

2250-00-102-98 — കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അഞ്ച് ദേവസ്വം ബോർഡുകളിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണ പ്രകാരമുള്ള കുടിശ്ശിക നൽകുന്നതിനും അർഹമായ മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയതിനാൽ മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2250-00-103-99 — ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരംവക ഫണ്ടിലേക്കും ഉള്ള സഹായം

2003-ലെ സ.ഉ.(കൈ)നം.378/2003/റവ. ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനും ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ നൽകി വരുന്ന 1 കോടി രൂപ 15 വർഷങ്ങൾക്ക് മുമ്പുള്ള നിരക്കായതിനാൽ പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-91 - മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും, എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി നിലവിൽ

വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുകയും മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 9.99 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2250-00-103-87 - <u>മലബാർ ദേവസ്വം ബോർഡ്</u>

മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനും ബോർഡിന്റെ ജീർണ്ണോദ്ധാരണ ധനസഹായം ഉൾപ്പെടെയുള്ള മറ്റെല്ലാ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 2250-00-103-87-31 എന്ന ശീർഷകത്തിൽ 30 കോടി രൂപയും 2250-00-103-87-36 എന്ന ശീർഷകത്തിൽ 3 കോടി രൂപയും ഉൾപ്പെടെ ആകെ 33 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-86 - <u>ഉത്തര മലബാറിലെ കാവുകളിലെ ആചാര്യസ്ഥാനികർക്കും കോലധികാരികൾക്കുമുള്ള മാസ അലവൻസ്</u>

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ആചാര്യസ്ഥാനികർക്കും കോലധികാരികൾക്കും സർക്കാർ വർഷാവർഷം അനുവദിക്കുന്ന തുക തികയാതെ വരുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്തുവരുന്നതെന്നും 1811 ആചാര്യ സ്ഥാനികർക്കും 397 കോലധികാരികൾക്കും 1,400/- രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യേണ്ടതുണ്ടെന്നും പ്രസ്തുത പ്രതിമാസ ധനസഹായം 2,000/- രൂപയായി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം പരിഗണനയിലാണെന്നും കൂടാതെ മുൻ വർഷങ്ങളിലെ തുക കുടിശ്ശികയുണ്ടെന്നും സമിതി മനസ്സിലാക്കുകയും മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 5.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2250-00-103-85 - <u>മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ</u>

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ പ്രവർത്തിച്ചു വരുന്ന ക്ഷേത്രകലാ അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും അദ്ധ്യാപകരുടെ ശമ്പളം, കലാകാരൻമാർക്ക് ആദരം, അവാർഡ് ദാനം, ക്ഷേത്രകലാ പുരസ്കാരങ്ങൾ, അവശരായ ക്ഷേത്രകലാകാരൻമാർക്ക് സഹായം, ലൈബ്രറി വിപുലീകരണം, മ്യൂസിയം വിപുലീകരണം എന്നിവയ്ക്കും അംഗങ്ങൾക്ക് ഓണറേറിയം

അനുവദിക്കുന്നതിനും അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുകയും മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 44.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2250-00-103-82 – <u>വൈക്കം ക്ഷേത്ര കലാപീഠം</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനുമായി വൈക്കം മഹാദേവക്ഷേത്രത്തോട് അനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന ക്ഷേത്രകലാപീഠത്തിന്റെ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾക്കും വിദ്യാർത്ഥികൾക്കുള്ള താമസസൗകര്യത്തിനും പഠനോപകരണങ്ങൾ നൽകുന്നതിനും ധനസഹായം ആവശ്യമുള്ളതായും മുൻവർഷങ്ങളിൽ ഈ ശീർഷകത്തിൽ 1,000/- രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 49.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-80 – <u>ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം</u>

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി മലബാർ ദേവസ്വം ബോർഡിന് 9 കോടി രൂപ നൽകാനുണ്ടെന്നും തിരുവിതാംകൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിൽ നിന്ന് 11 കോടി രൂപയുടെ പുതിയ പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## <u>ധനാഭ്യർത്ഥന നമ്പർ XX – ശുദ്ധജല വിതരണവും ശുചീകരണവും</u>

2215-02-105-95 — <u>ഗ്രാമീണ ശുചീകരണ സർവീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള സഹായം)</u>

തീർത്ഥാടകരുടെ വർദ്ധനവിനനുസരിച്ച് ശബരിമലയിലും എരുമേലിയിലും മറ്റു പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടതും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും പരമപ്രധാനമാണെന്ന് വിലയിരുത്തിയ സമിതി 2023-24 വർഷത്തെ ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കുകയും മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ

5.2948 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

**<u>ധനാഭ്യർത്ഥന നമ്പർ XXIX – കൃഷി</u>**

4551-60-800-99 — <u>ശബരിമല മാസ്റ്റർപ്ലാൻ</u>

ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയുടെ ഭാഗമായി പമ്പ മുതൽ സന്നിധാനം വരെ ആയുർവേദ ഔഷധങ്ങളടങ്ങിയ കുടിവെള്ള വിതരണത്തിനായി ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സംസ്ഥാനത്ത് നടന്ന അയിത്തോച്ചാടനപ്രക്ഷോഭങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ വൈക്കം സത്യാഗ്രഹത്തിന്റെ 100-ാം വാർഷികം 2024-ൽ സമുചിതമായി ആഘോഷിക്കപ്പെടേണ്ടതാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത വാർഷികത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഉച്ചയ്ക്ക് ശേഷം 2.45 ന് യോഗം അവസാനിച്ചു.

**<u>2023 ഫെബ്രുവരി 21-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>**

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2023 ഫെബ്രുവരി 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ.രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. എൻ. ജയരാജ്, ഗവ. ചീഫ് വിപ്പ്
2. ശ്രീ. പി.ടി.എ. റഹീം, എം.എൽ. എ.
3. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, എം.എൽ. എ.
4. ശ്രീ. എം. രാജഗോപാലൻ, എം.എൽ. എ.(ഓൺലൈനിൽ ഹാജരായി)

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

1. ശ്രീ. ത്രിദീപ് കെ.ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ . മോഹനൻ ഒ., അണ്ടർ സെക്രട്ടറി

സമിതി, 2023-24 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെ പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു .

പ്രസ്തുത റിപ്പോർട്ടിലെ 22 -ാം നമ്പർ ശിപാർശയിലെ അഞ്ചാമത്തെ വരിയിൽ "പ്രസ്തുത പദ്ധതിക്കായി 1 കോടി രൂപ വകയിരുത്തണമെന്നും" എന്ന വാക്കുകൾ കൂടി ഉൾപ്പെടുത്തണം.

രാവിലെ 11.30 ന് യോഗം അവസാനിച്ചു.